**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 120** **22-06-2026-ൽ മറുപടിയ്ക്ക്**

**സർക്കാരിന്റെ പുതിയ പദ്ധതികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. സനീഷ്കുമാർ ജോസഫ്
ശ്രീ. രമേഷ് പിഷാരടി
ശ്രീ. സുമേഷ് അച്ചുതൻ
ശ്രീ. രാജൻ. ജെ. പല്ലൻ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** കേരളത്തെ പുതുയുഗത്തിലേക്ക് നയിക്കാൻ മുന്നോട്ടുവെച്ച പുതിയ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

**മറുപടി:** ആധുനിക സാങ്കേതികവിദ്യയുടെ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് ആരോഗ്യ-വിദ്യാഭ്യാസ മേഖലകൾ മെച്ചപ്പെടുത്തുന്നതിനും, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും, വയോജനങ്ങളുടെ ക്ഷേമം ഉറപ്പ് വരുത്തുന്നതിനും പിന്നോക്കാവസ്ഥയിലുള്ള വരെയും പാർശ്വവൽക്കരിക്കപ്പെട്ടവരെയും മുഖ്യധാരയി ലേയ്ക്ക് കൊണ്ടുവരുന്നതിനും ഉതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് സാമൂഹ്യനീതിയോടു കൂടിയ സാമ്പത്തിക വളർച്ചയും പാരിസ്ഥിതിക ഉത്തരവാദിത്തത്തോടുകൂടിയ ആധുനിക അടിസ്ഥാന സൗകര്യവികസനവും സമന്വയിപ്പിക്കുന്ന ഒരു പുതിയ കാലഘട്ടത്തിലെ "പുതുയുഗ കേരളം" സൃഷ്ടിക്കുവാൻ സർക്കാർ ലക്ഷ്യമിടുന്നു. ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ നിക്ഷേപങ്ങൾ വർദ്ധിപ്പിച്ചുകൊണ്ട് കേരളത്തെ ഒരു "ഡെസ്റ്റിനേഷൻ പോയിന്റ്" ആയി ഉയർത്തുകയാണ് സർക്കാരിന്റെ പ്രാഥമിക ലക്ഷ്യം. കേരളത്തിന്റെ 600 കിലോമീറ്റർ തീരദേശം, രണ്ട് അന്താരാഷ്ട്ര തുറമുഖങ്ങൾ, ഒരു കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് ടെർമിനൽ, 17 നോൺ മേജർ തുറമുഖങ്ങൾ, മറ്റനേകം ജലസ്രോതസ്സുകൾ, തുടങ്ങിയ സാധ്യതകൾ സംയോജിപ്പിച്ച് അഞ്ചു വർഷത്തിനുള്ളിൽ കേരളത്തെ ലോക മാരിടൈം ഭൂപടത്തിൽ വൻശക്തിയായി ഉയർത്തുന്നതിനുള്ള പദ്ധതിയായ മിഷൻ സമുദ്ര നടപ്പിലാക്കും. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളെ തന്ത്രപരമായ ദേശീയ പ്രാധാന്യമുള്ള ഒരു ഏകീകൃത സാമ്പത്തിക മേഖലയായി സംയോജിപ്പിക്കുന്ന "സതേൺ കേരളാ ഇക്കണോമിക് കോറിഡോർ' സൃഷ്ടിക്കും. തിരുവനന്തപുരത്തെ കേരളത്തിന്റെ നോളജ് ആൻഡ് സ്പേസ് ടെക്നോളജി ഹബ്ബായും കൊല്ലത്തെ ധാതു സംസ്കരണത്തിന്റെയും അപൂർവ്വ ധാതുക്കളുടെ കേന്ദ്രമായും; ആലപ്പുഴയെ ഇന്ത്യയുടെ ബ്ലൂ ഇക്കണോമി തലസ്ഥാനമായും മാറ്റും. വർധിച്ചുവരുന്ന വ്യോമയാന ആവശ്യകത, കയറ്റുമതി-ലോജിസ്റ്റിക്സ്, വിനോദ സഞ്ചാര മേഖലകളിലെ സാധ്യതകൾ എന്നിവ കണക്കിലെടുത്തുകൊണ്ട് സംസ്ഥാനത്തെ നാല് അന്താരാഷ്ട്ര വിമാനത്താവള ങ്ങളെയും കേന്ദ്രീകരിച്ച് കേരളത്തെ ഏഷ്യയിലെ പ്രധാന ഏവിയേഷൻ-ലോജിസ്റ്റിക്സ് ഹബ്ബായി വികസിപ്പിക്കുന്ന തിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്. ഏറ്റവും സമകാലീക അക്കാദമിക് പ്രോഗ്രാമുകൾ, അത്യാധുനിക ഗവേഷണ പാർക്കുകൾ, മികവിന്റെ കേന്ദ്രങ്ങൾ എന്നിവ ഒരു കുടക്കീഴിൽ കൊണ്ടുവരുന്ന ഒരു ലോകോത്തര ഉന്നത വിദ്യാഭ്യാസ

കേന്ദ്രമായി "കേരള നോളജ് വാലി" (Kerala Knowledge Valley) സ്ഥാപിക്കും. ഉയർന്ന നിലവാരത്തിലുള്ള ആരോഗ്യ സേവനങ്ങൾ നൽകുന്നതിനും, മെഡിക്കൽ വിദ്യാഭ്യാസവും ഗവേഷണവും പ്രോത്സാഹിപ്പിക്കുന്നതിനും, മെഡിക്കൽ ടൂറിസം വികസിപ്പിക്കുന്നതിനും, ആരോഗ്യ മേഖലയിലെ തൊഴിലവസരങ്ങൾ വർധിപ്പിക്കുന്നതിനും കേരള ഹെൽത്ത് ആന്റ് ലൈഫ് സയൻസ് സിറ്റി സ്ഥാപിക്കും. മുൻകാലങ്ങളിൽ പ്രസക്തമായിരുന്ന ഭൂനിയമങ്ങൾ പരിശോധിക്കുകയും കാലാനുസൃതമായ മാറ്റങ്ങൾ ആവശ്യമായവ പരിഷ്കരിക്കുകയും ചെയ്യും. വലിയ പദ്ധതികൾക്കായി ലാൻഡ് പൂളിംഗ് ഫ്രെയിംവർക്ക് (Land Pooling Frame work) അവതരിപ്പിക്കും. മലയാള സിനിമാ മേഖലയെ വികസിപ്പിക്കാൻ സർക്കാർ സമഗ്രപദ്ധതികൾ നടപ്പിലാക്കും. ഇതിന്റെ ഭാഗമായ ജെ. സി. ഡാനിയേൽ ഇന്റർനാഷണൽ ഫിലിം സിറ്റി - ചിത്രനഗരം കൊച്ചിയിൽ സ്ഥാപിക്കും. പ്രത്യേക മുന്നറിയിപ്പ് സംവിധാനങ്ങൾ, കാലാവസ്ഥാ മോഡലിംഗ്, ജിയോസ്പേഷ്യൽ ഇന്റലിജൻസ്, റിസ്ക് അനലിറ്റിക്സ്, അടിയന്തര പ്രതികരണ ഏകോപനം എന്നിവ സമന്വയിപ്പിക്കുന്ന ഒരു അത്യാധുനിക കേന്ദ്രമായ "കേരള ഡിസാസ്റ്റർ റെസിലിയൻസ് പ്രോഗ്രാ" മിന്റെ ഭാഗമായി "കേരള ഡിസാസ്റ്റർ റെസിലിയൻസ് സെന്റർ' സ്ഥാപിക്കും. തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾ നടപ്പിലാക്കും. വിദ്യാർത്ഥികളിൽ ശാസ്ത്രബോധം വളർത്തുന്നതിനും കേരളത്തെ ഒരു ആഗോള വിജ്ഞാന ഹബ്ബായി മാറ്റുന്നതിനുമായി ജവഹർലാൽനെഹ്റു സെന്റർ ഫോർ സയന്റിഫിക് ടെംബർ എന്ന ഒരു പുതിയപദ്ധതി ആവിഷ്കരിക്കുന്നതാണ്.

**(ബി)** കേരളത്തെ ഒരു തുറമുഖ നഗരമാക്കി മാറ്റുവാൻ പദ്ധതികളുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. കേരളത്തെ ഒരു തുറമുഖ നഗരമായി മാറ്റുന്നതിനുള്ള 'മിഷൻ സമുദ്ര' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

**(സി)** വിഴിഞ്ഞത്തെ ദക്ഷിണേഷ്യയിലെ ഏറ്റവും മാതൃകാപരമായ സുസ്ഥിര തുറമുഖമാക്കി മാറ്റുവാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** വിഴിഞ്ഞം ട്രാൻസ്ഷിപ്മെന്റ് ടെർമിനലിനെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളുമായി ബന്ധിപ്പിക്കുന്നതിനും ഗതാഗത ബന്ധം മെച്ചപ്പെടുത്തുന്നതിനുമായി ബാലരാമപുരം - വിഴിഞ്ഞം ഭൂഗർഭ റയിൽ, വിഴിഞ്ഞം - നാവായിക്കുളം ഔട്ടർ റിങ് റോഡ് എന്നീ പദ്ധതികൾക്കായുള്ള സ്ഥലമേറ്റെടുക്കലും നിർമാണ പ്രവർത്തനങ്ങളും വേഗത്തിൽ നടപ്പിലാക്കുന്നതാണ്. വിഴിഞ്ഞം, കൊച്ചി തുറമുഖങ്ങൾക്ക് ചുറ്റും നിർമാണ മേഖലകൾ, സ്റ്റഫിങ് സെന്ററുകൾ, ഡ്രൈ പോർട്ട് എന്നിവ ആരംഭിക്കും. ആഗോള ഷിപ്പിംഗ് വ്യവസായം ഹരിത ഇന്ധനങ്ങളിലേക്ക് മാറിയ അവസരം പ്രയോജനപ്പെടുത്തി, ഗ്രീൻ ബങ്കറിങ് സേവനം നൽകുന്ന ഇന്ത്യയിലെ ആദ്യ തുറമുഖമായി വിഴഞ്ഞത്തെ ഉയർത്തുന്നതാണ്. മദർഷിപ് നിർമാണം അവയുടെ അറ്റകുറ്റപ്പണി എന്നിവ ലക്ഷ്യമാക്കി കപ്പൽ നിർമാണ കേന്ദ്രം സ്ഥാപിക്കുന്നതിനും ലക്ഷ്യമിടുന്നു.

**സെക്ഷൻ ഓഫീസർ**